# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

No.723/R2/2025/KDRB

തിരുവനന്തപുരം
10.02.2026

**<u>അറിയിപ്പ്</u>**

29.03.2025 ന് പ്രസിദ്ധീകരിച്ച കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത ഗുരുവായൂർ ദേവസ്വത്തിലെ കലാനിലയം സൂപ്രണ്ട്, മെഡിക്കൽ ഓഫീസർ (ആയുർവേദ), വെറ്റിനറി സർജൻ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, വർക്ക് സൂപ്രണ്ട്, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, കമ്പ്യൂട്ടർ സ്പെഷ്യൽ അസിസ്റ്റന്റ് , ഡെപ്യൂട്ടി സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ( ഇ.ഡി.പി), കമ്പ്യൂട്ടർ ഓപ്പറേറ്റർ/ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളുടെ ചുരുക്കപ്പട്ടികയും, പ്ലംബർ, ലോവർ ഡിവിഷൻ ക്ലർക്ക് എന്നീ തസ്തികകളുടെ സാധ്യതാ പട്ടികയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി പട്ടികകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ പേര്, വയസ്സ്, മേൽവിലാസം, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, ജാതി സംവരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ തെളിയിക്കുന്ന അസ്സൽ പ്രമാണങ്ങൾ 2026 ഫെബ്രുവരി 20-ാം തീയതിയ്ക്കകം പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ് വഴി അറിയിപ്പ് നൽകിയിട്ടുണ്ട്. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഉദ്യോഗാർത്ഥികൾ പ്രസ്തുത അസ്സൽ പ്രമാണങ്ങൾ ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലെ Applications - Document upload എന്ന ലിങ്ക് മുഖേന പ്രമാണങ്ങൾ അപ് ലോഡ് ചെയ്യാവുന്നതാണ്.

മേൽ പ്രകാരമുള്ള പ്രമാണങ്ങൾ നേരിട്ട് സ്വീകരിക്കുന്നതല്ല. 2026 ഫെബ്രുവരി 20-ാം തീയതിയ്ക്കകം ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യുന്ന പ്രമാണങ്ങൾ മാത്രമേ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പരിഗണിക്കുകയുള്ളൂ. യാതൊരു കാരണവശാലും പ്രമാണങ്ങൾ അപ് ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി നീട്ടി നൽകുന്നതല്ല.

ഒപ്പ്
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്